# വ്യവസായ കേരളം

വ്യവസായ വികസനത്തിനൊരു അടയാളം

Department of Industries & Commerce
Government of Keralam

OFFICIAL NEWSLETTER OF
DIRECTORATE OF INDUSTRIES & COMMERCE
GOVERNMENT OF KERALAM


ISSUE: 101

15 SEPTEMBER 2026

industry.kerala.gov.in


## മെയ്ഡ് ഇൻ കേരള ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി;

### കേരള ബ്രാൻഡ് വെബ്സൈറ്റ് ബഹു. വ്യവസായ, വാണിജ്യ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു




കേരളത്തിൽ നിർമിക്കുന്ന ഉൽപ്പന്നങ്ങൾക്കും നൽകുന്ന സേവനങ്ങൾക്കും ആഗോള നിലവാരവും പ്രത്യേക ബ്രാൻഡ് ഐഡന്റിറ്റിയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ വ്യവസായ, വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന 'കേരള ബ്രാൻഡ്' പദ്ധതിയുടെ വെബ്സൈറ്റ് ബഹു. വ്യവസായ, വാണിജ്യ, ഐടി, എഐ വകുപ്പ് മന്ത്രി ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്തു. 'മെയ്ഡ് ഇൻ കേരള' എന്ന സവിശേഷ ഐഡന്റിറ്റിയിൽ കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര, അന്തർദേശീയ വിപണികളിൽ കൂടുതൽ സാധ്യത ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഉയർന്ന ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്തപരമായ വ്യവസായ രീതികൾ എന്നിവ പാലിക്കുന്ന ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കുമാണ് കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ നൽകുക. കേരള ബ്രാൻഡിന് കീഴിൽ ഇതുവരെ വെളിച്ചെണ്ണ, കാപ്പി, തേയില, പാദരക്ഷകൾ, നെയ്യ്, തേൻ, കുപ്പിവെള്ളം, പ്ലൈവുഡ്, പി.വി.സി. പൈപ്പ്, സർജിക്കൽ റബ്ബർ ഗ്ലൗസ്, കാലിത്തീറ്റ എന്നീ 11 ഉൽപ്പന്നങ്ങൾക്ക് സംസ്ഥാനതല സമിതി അംഗീകാരം നൽകിയിട്ടുണ്ട്. ഗുണനിലവാര സർട്ടിഫിക്കേഷനുകളും ഉദ്യം രജിസ്ട്രേഷനും ഉള്ള കേരളത്തിലെ ഉൽപ്പാദന യൂണിറ്റുകൾക്ക് കേരള ബ്രാൻഡിനായി അപേക്ഷിക്കാം. അപേക്ഷകൾ താലൂക്ക് തല സെലക്ഷൻ കമ്മിറ്റി പരിശോധിച്ചാണ് സർട്ടിഫിക്കേഷൻ നൽകുക. സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉൽപ്പന്നങ്ങൾക്ക് അന്താരാഷ്ട്ര വ്യാപാര മേളകളിലും മാർക്കറ്റിംഗ് എക്സ്പോകളിലും പ്രദർശനാവസരങ്ങളും ലഭ്യമാകും. www.keralabrand.industry.kerala.gov.in ആണ് കേരള ബ്രാൻഡ്ന്റെ വെബ്സൈറ്റ്.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐഎഎസ്, വ്യവസായ - വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. അരുൺ കെ. വിജയൻ ഐഎഎസ്, ശ്രീമതി. ടിങ്കു ബിസ്വാൾ ഐഎഎസ് (തദ്ദേശ വകുപ്പ് പ്രൻസിപ്പൽ സെക്രട്ടറി), ശ്രീമതി. ടി.വി. അനുപമ ഐഎഎസ് (ഗതാഗത വകുപ്പ് സെക്രട്ടറി), ശ്രീമതി. ദിവ്യ എസ്. അയ്യർ (തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ), ശ്രീ. ശ്രീറാം സാംബശിവറാവു ഐഎഎസ് (ഐടി സ്പെഷ്യൽ സെക്രട്ടറി), ശ്രീ. സന്തോഷ് കോശി തോമസ് (മാനേജിങ് ഡയറക്ടർ, കിൻഫ്ര), ശ്രീ. സൂരജ് എസ്. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെബിപ്പ്), വ്യവസായ, വാണിജ്യ ഡയറക്ടറേറ്റ് അഡീഷണൽ ഡയറക്ടർമാരായ ശ്രീ. ജി. രാജീവ്, ശ്രീമതി. സി.എസ്. സിമി, എന്നിവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

## ദേശീയ പുരസ്കാര നിറവിൽ PMFME കേരളം






ദേശീയ അംഗീകാരം ലഭിച്ച പിഎംഎഫ്എംഇ ടീമിനെ അഭിനന്ദനം അറിയിച്ച് ബഹു. വ്യവസായ, വാണിജ്യ, എ ഐ.& ഐടി വകുപ്പ് മന്ത്രി ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി. അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് ഐഎഎസ്, വ്യവസായ, വാണിജ്യ ഡയറക്ടർ ശ്രീ.അരുൺ കെ.വിജയൻ ഐഎഎസ്, കെബിപ്പ് സിഇഒ ശ്രീ.സൂരജ് എസ്. എന്നിവരെ മന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ പിഎംഎഫ്എംഇ പദ്ധതി മികച്ച രീതിയിൽ നടപ്പിലാക്കിയ സംസ്ഥാനത്തിനുള്ള ദേശീയ പുരസ്കാരം നേടി കേരളം. 2026 ഓഗസ്റ്റ് 25ന് ന്യൂഡൽഹിയിലെ ഇന്ത്യ ഹാബിറ്റാറ്റ് സെന്ററിൽ നടന്ന പിഎംഎഫ്എംഇ ഉച്ചകോടിയിൽ കേന്ദ്ര ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രി ശ്രീ. ചിരാഗ് പാസ്വാനിൽനിന്ന് സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. മിൻഹാജ് ആലം ഐ.എ.എസ്., കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷൻ (കെബിപ്പ്) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. സൂരജ് എസ്. എന്നിവർ ചേർന്ന് പുരസ്കാരം ഏറ്റുവാങ്ങി.




ഡിപിആർ പിന്തുണ, സാമ്പത്തിക സഹായം, നൈപുണ്യ വികസനം, വിപണന പിന്തുണ എന്നിവ ഉൾപ്പെടെ സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയിലെ സംരംഭകർക്ക് നൽകിയ സമഗ്രമായ പിന്തുണയാണ് കേരളത്തിന് ഈ അംഗീകാരം നേടിക്കൊടുത്തത്. പദ്ധതിപ്രകാരം 10,000 സംരംഭങ്ങൾക്ക് സഹായം എന്ന കേന്ദ്രസർക്കാർ ലക്ഷ്യത്തെ നിശ്ചിത സമയത്തിനുള്ളിൽ മറികടന്ന കേരളത്തിന് വ്യവസായ വകുപ്പിന്റെയും കെബിപ്പിന്റെയും ഏകോപനത്തിൽ 10,175 ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾക്ക് പിന്തുണ നൽകാൻ സാധിച്ചു. 7529 ഗുണഭോക്താക്കൾക്ക് 195.04 കോടി രൂപയുടെ ഗ്രാന്റ് - ഇൻ - എയ്ഡ് സബ്സിഡി ലഭ്യമാക്കാനും കേരളത്തിന് സാധിച്ചു.

കേരളത്തിലെ മുഴുവൻ ജില്ലകളിലുമായി 7357 കുടുംബശ്രീ അംഗങ്ങൾക്ക് ആകെ 23.50 കോടി രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു. പ്രവർത്തന മൂലധനത്തിനും ചെറിയ ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള ആവശ്യങ്ങൾ നിറവേറ്റാൻ സീഡ് ക്യാപിറ്റൽ സഹായം ഉപയോഗപ്പെടുത്താനാകും.

കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷവും കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം നിശ്ചയിക്കുന്ന ലക്ഷ്യം മറികടക്കുവാൻ കേരളത്തിന് സാധിച്ചു. പദ്ധതിക്ക് കീഴിലെ മികച്ച പ്രകടനം നടത്തുന്ന സംസ്ഥാനങ്ങൾക്കിടയിൽ തുടർച്ചയായി കേരളം സ്ഥാനം കണ്ടെത്തി.

# കേരളത്തിലെ സംരംഭകർക്ക് ആഗോള വിപണിയിലേക്ക് വഴിതുറക്കാൻ ഒ.എൻ.ഡി.സി

ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒ.എൻ.ഡി.സി) ശൃംഖല ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ഇടനിലക്കാരില്ലാതെ നേരിട്ട് ആഗോള വിപണിയിലെത്തിക്കാൻ സാധിക്കുമെന്ന് ബഹു. വ്യവസായ, വാണിജ്യ, ഐടി, എ.ഐ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി. ഇത് സംരംഭകർക്ക് കൂടുതൽ ലാഭം നൽകുമെന്നും പുതിയ വിപണി സാധ്യതകൾ തുറന്നുകൊടുക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന വ്യവസായ - വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ ഹോട്ടൽ റെസിഡൻസി ടവറിൽ 2026 ജൂൺ 24ന് സംഘടിപ്പിച്ച ഒ.എൻ.ഡി.സി ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ റീട്ടെയിൽ, ടൂറിസം, ഗതാഗത മേഖലകളിൽ ഒ.എൻ.ഡി.സി വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്നും ബഹു. മന്ത്രി വ്യക്തമാക്കി.

ഡിജിറ്റൽ വാണിജ്യ മേഖലയെ ജനാധിപത്യവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഒ.എൻ.ഡി.സി പ്രവർത്തിച്ചുവരുന്നത്.




കേരളത്തിൽ ഇത് സുഗമമായ നടപ്പാക്കുന്നതിനാവശ്യമായ റോഡ്മാപ്പ് തയ്യാറാക്കുന്നതിനും വിവിധ വകുപ്പുകൾക്കിടയിലെ ഏകോപനം ശക്തിപ്പെടുത്തുന്നതിനുമായാണ് ശില്പശാല സംഘടിപ്പിച്ചത്.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐഎഎസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. അരുൺ കെ. വിജയൻ ഐഎഎസ് സ്വാഗതം ആശംസിച്ചു. ശ്രീ. അജിത്കുമാർ കെ. (എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ), ശ്രീ. സന്തോഷ് കോശി തോമസ് (മാനേജിംഗ് ഡയറക്ടർ, കിൻഫ്ര), ശ്രീ. സൂരജ് എസ്. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെബിപ്), ശ്രീ. എ. നിസാറുദ്ദീൻ (സംസ്ഥാന പ്രസിഡന്റ്, കെ.എസ്.എസ് .ഐ.എ.), ശ്രീ. സന്തോഷ് കുമാർ (വൈസ് ചെയർമാൻ, സി.ഐ.ഐ. കേരള), ശ്രീ. രാജീവ് ജി.(അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്) തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

ഉദ്ഘാടന സെഷന് ശേഷം ഒ.എൻ.ഡി.സി പ്രതിനിധികളായ കുമാരി. തമന്ന ശർമ്മ (പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് എൻഗേജ്മെന്റ്സ്), ശ്രീ. പ്രവീൺ ചൗധരി (വൈസ് പ്രസിഡന്റ്, റീട്ടെയിൽ), ശ്രീ. കാർത്തിക് പ്രഭു (വൈസ് പ്രസിഡന്റ്, ടൂറിസം), ശ്രീ. ശ്രീനിവാസ് ബണ്ഡാരി (വൈസ് പ്രസിഡന്റ്, ട്രാൻസ്പോർട്ട്) എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ സാങ്കേതിക സെഷനുകളും ചർച്ചകളും നടന്നു.




## യുവ സംരംഭക പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ യങ് എന്റർപ്രണേഴ്സ് കോൺക്ലേവ് 2026

യുവ സംരംഭക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവുമായി കേരളം യങ് എന്റർപ്രണേഴ്സ് കോൺക്ലേവ് 2026 സെപ്റ്റംബർ 26ന് കോഴിക്കോട് സംഘടിപ്പിക്കും. വ്യവസായ, വാണിജ്യ ഡയറക്ടറേറ്റും കെബിപ്പും സംയുക്തമായാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

യുവ സംരംഭകർക്കൊപ്പം പ്രഗത്ഭരായ മെന്റർമാരും നിക്ഷേപകരും ഒത്തുചേരുന്ന കോൺക്ലേവിൽ പുതിയ വിപണി സാധ്യതകൾ കണ്ടെത്താനും ബിസിനസ്സ് അടുത്ത ഘട്ടത്തിലേക്ക് വളർത്താനും സാധിക്കും.

യങ് എന്റർപ്രണേഴ്സ് കോൺക്ലേവ് പരിപാടിയുടെ ഔദ്യോഗിക ലോഗോ 2026 ജൂൺ 24ന് ബഹു. വ്യവസായ, വാണിജ്യ, ഐടി, എഐ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി പ്രകാശനം ചെയ്തു.

## മേളകളിൽ തിളങ്ങി കേരളം



### പ്രോ ഫുഡ് പ്രോ പാക്ക് 2026, ശ്രീലങ്ക

ശ്രീലങ്കയിൽ നടന്ന 23-ആമത് അന്താരാഷ്ട്ര പ്രോ ഫുഡ് പ്രോ പാക്ക് 2026 പ്രദർശനത്തിൽ സാന്നിധ്യമറിയിച്ച് കേരളം. 2026 ആഗസ്റ്റ് 21 മുതൽ 23 വരെ കൊളംബോയിലെ ബിഎംഐസിഎച്ചിൽ നടന്ന പ്രദർശനത്തിൽ കേരളം പവലിയനിൽ ഭക്ഷ്യസംസ്കരണ, അനുബന്ധ മേഖലകളിലെ ഒൻപത് എംഎസ്എംഇകൾ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും പ്രദർശിപ്പിച്ചു.

### ഫുഡ്പ്രോ 2026, ചെന്നൈ

ഭക്ഷ്യസംസ്കരണ മേഖലയിലെ ഇന്ത്യയിലെ പ്രമുഖ പ്രദർശനങ്ങളിലൊന്നായ ഫുഡ്പ്രോ 2026-ന്റെ 16-ആമത് പതിപ്പിൽ ശ്രദ്ധേയമായി കേരളത്തിന്റെ പങ്കാളിത്തം. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി യുടെ (സിഐഐ) ആഭിമുഖ്യത്തിൽ 2026 ആഗസ്റ്റ് 7 മുതൽ 9 വരെ ചെന്നൈ ട്രേഡ് സെന്ററിലാണ് പ്രദർശനം നടന്നത്. കേരളത്തിനായി പ്രത്യേകം ഒരുക്കിയ സ്റ്റാൾ വഴി സംസ്ഥാനത്തെ ഭക്ഷ്യസംസ്കരണ, അനുബന്ധ മേഖലകളിലെ എംഎസ്എംഇകൾക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാൻ അവസരം ലഭിച്ചു.

### ഇന്ത്യ ഹൊറേക്ക എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ 2026, കോയമ്പത്തൂർ

കോയമ്പത്തൂരിലെ കൊഡീഷ്യ ട്രേഡ് ഫെയർ കോംപ്ലക്സിൽ 2026 ജൂലൈ 1 മുതൽ 3 വരെ നടന്ന ഇന്ത്യ ഹൊറേക്ക എക്സ്പോ & ബേക്കേഴ്സ് ടെക്നോളജി ഫെയർ 2026ൽ കേരളം പങ്കെടുത്തു. ഭക്ഷ്യസംസ്കരണ, ഹോട്ടൽ, റസ്റ്റോറന്റ്, ബേക്കറി മേഖലകളിലെ ബി2ബി പ്രദർശനത്തിൽ 24 കേരള എംഎസ്എംഇകൾ തങ്ങളുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും പ്രദർശിപ്പിച്ചു.

### വനിത ഓണം ഫെയർ 2026, കൊച്ചി

വനിത ഓണം ഫെയർ 2026-ൽ കേരളം സംസ്ഥാന ബാംബൂ മിഷന്റെ നേതൃത്വത്തിൽ ബാംബൂ സ്റ്റാൾ ഒരുക്കി. 2026 ആഗസ്റ്റ് 21 മുതൽ സെപ്തംബർ 2 വരെ കൊച്ചിയിലെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന മേളയിൽ ആറ് മുള കരകൗശല പ്രവർത്തകർ പങ്കെടുത്തു.




Designed & Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Keralam, VIkas Bhavan, Thiruvananthapuram